"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള സംസ്ഥാന വഖഫ് ബോർഡ് - സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം 2024-25 - തുക റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2664/2024/RD തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:- കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06.08.2024 തീയതിയിലെ ബി5-937/2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷം കേരള സംസ്ഥാന വഖഫ് ബോർഡിന് "2075-00-800-78 വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം" എന്ന ശീർഷകത്തിൽ സർക്കാർ ബജറ്റിൽ 132 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2] 2023-24 സാമ്പത്തിക വർഷം സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ മേൽ ശീർഷകത്തിൽ 3 ഗഡുക്കളായി ബോർഡിന് അനുവദിച്ചിട്ടുള്ള 132 ലക്ഷം രൂപ പൂർണമായും വിനിയോഗിച്ചിട്ടുള്ളതാണ് എന്നും ആയതിനാൽ 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ

സംസ്ഥാന വഖഫ് ബോർഡിന് "2075-00-800-78 വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം" എന്ന ശീർഷകത്തിൽ വകയിരുത്തിയ 132 ലക്ഷം രൂപ ഒറ്റത്തവണയായി അനുവദിച്ച് നൽകണമെന്നും കൂടാതെ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 33-ാം ഖണ്ഡിക പ്രകാരം സമിതി ശിപാർശ ചെയ്ത 5 കോടി രൂപ അധിക ധനസഹായമായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകണമെന്നും വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം കേരള സംസ്ഥാന വഖഫ് ബോർഡിന് "2075-00-800-78 വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം" എന്ന ശീർഷകത്തിൽ വകയിരുത്തിയ 132

ലക്ഷം രൂപയിൽ നിന്നും 72,60,000/- രൂപ (എഴുപത്തിരണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) റിലീസ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

4] തിരുവനന്തപുരം ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ റവന്യൂ (എഫ്) വകുപ്പ് Drawing and Disbursing Officer യഥാവിധി മേലൊപ്പിട്ട ബിൽ ധനകാര്യ വകുപ്പിന്റെ ways and means clearance-ന് വിധേയമായി സെക്രട്ടേറിയറ്റ് സബ് ട്രഷറിയിൽ ഹാജരാക്കി വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രസ്തുത തുക കൈപ്പറ്റാവുന്നതും നിയമപ്രകാരം ആവശ്യാർത്ഥം ടി തുക വിനിയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEDEVI I B
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (30.10.2024-ലെ വ്യയം-ഡി1/292/2024/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 08-11-2024 10:55:45